


*LITTLE KITE MAGAZINE 2019-20*

*GHS THRIKKAIPETTA*

Scanned by CamScanner

DIGITEL MAGAZINE 2019-20

GHS THRIKKAIPETTA




Scanned by CamScanner

# സന്ദേശം



അലീമ

ഹെഡ് മിസ്ട്രസ്

ലോകം ഹൈടെക് യുഗത്തിലൂടെ കടന്നു പോകുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസമേഖലയും അതിനൊത്ത് ചുവട് വച്ചു കഴിഞ്ഞു.സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ നമ്മുടെ ക്ലാസ് മുറികളിൽഎല്ലാം പുത്തൻ ചരിത്രം രചിച്ചു കഴിഞ്ഞു.സാങ്കേതിക വിദ്യയിലുള്ള അറിവിലുപരിയായി കുട്ടികൾക്ക് തങ്ങളുടെ സർഗാത്മക കഴിവുകൾ ഐ.ടി വൈദഗ്ധ്യം ഉപയോഗിച്ച് പ്രകടിപ്പിക്കാനുള്ള ഒരു വേദിയാകുകയാണ് ലിറ്റിൽ കൈറ്റ് ക്ലബ്ബുകളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന "ഇ – മാഗസിൻ".കുട്ടികളുടെ ഈ ഉദ്യമത്തിന് അവരെ അനുമോദിക്കുന്നതോടൊപ്പം എല്ലാ വിധ ആശംസകളും നേരുന്നു.

എച്ച് .എം

ഗവ.എച്ച് .എസ് തൃക്കൈപ്പെറ്റ



Scanned by CamScanner

# സന്ദേശം



പി.ടി.എ പ്രസിഡന്റ്

എബ്രഹാം കിരിമോളയിൽ

**തൃക്കൈപ്പറ്റ ഗവ.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് അവരുടെ രണ്ടാമത്തെ ഇ-മാഗസിൻ പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.വിദ്യാർഥികളുടെ വായനാനുഭവങ്ങൾക്ക് പുതുഭാവം നൽകാൻ ഈ മാഗസിന് സാധിക്കുമെന്ന് പ്രത്യാശിക്കുന്ന ു.ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളോടെ നേരുന്നു.**

പി.ടി.എ പ്രസിഡന്റ്

ഗവ.എച്ച്.എസ് തൃക്കൈപ്പറ്റ



Scanned by CamScanner

# മുഖമൊഴി

***2019-2020*** അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ് മാഗസിന്റെ എഡിറ്ററാകാൻ സാധിച്ചതിൽ അത്യധികം സന്തോഷമുണ്ട്. വിദ്യാർഥികളുടെ സാഹിത്യ രംഗത്തിലെയും ഐ.ടി മേഖലയിലെയും കഴിവുകൾ വളർത്തിയെടുക്കാൻ ഈ മാഗസിന് കഴിഞ്ഞിട്ടുണ്ട് എന്ന് കരുതുന്നു.

മാളവിക എം.വി

എഡിറ്റർ

ഗവ.എച്ച്.എസ് തൃക്കൈപ്പറ്റ



Scanned by CamScanner

## എഡിറ്റോറിയൽ കമ്മിറ്റി

മാളവിക എം വി

അശ്യതി ബിജു

അശ്വതി സി എസ്

മന ടി.വി

അഞ്ജ്ജുമനോജ്

അനഘ എസ്

ഫാത്തിമത്തുൽ നാസിഹ



Scanned by CamScanner

Scanned by CamScanner

# അമ്മ

അമ്മമഴക്കാറിൻ തുവലോ അതോ  ഈ
കുഞ്ഞുമനസ്സിൻ കെടാവിളക്കോ
മാരിവില്ലിൻ മാറത്തെ പൂമാലയോ
അതോ ഈ

കുഞ്ഞുകാൽ തന്നിലെ കാൽചിലമ്പോ
കാറ്റിനെ ഉറക്കുന്ന വെൺമേഘമോ അതോ ഈ

കനവിനെ ഉറക്കുന്ന പൂഞ്ചോലയോ
പൂവിതൾ തുമ്പിലെ തേൻതുള്ളിയോ അതോ ഈ
മൺവീണ മീട്ടുന്ന പാരിജാതമോ
മലമുകളിൽ ഉയരുന്ന പൊൻ സൂര്യനോ അതോ ഈ
നിലാവിൽ നീരാടുന്ന ചന്ദ്രബിംബമോ



*അഞ്ജു മനോജ്*



Scanned by CamScanner

## മണിക്കുന്ന് മലയിലേക്ക്

തൃക്കൈപ്പറ്റയ്ക്ക് അനുഗ്രഹമേകുന്ന മണിക്കുന്ന് മലയുടെ മുകളിലേക്കുള്ള ആ യാത്ര മറക്കാവുന്നതല്ല.രാവിലെ കുളിച്ചൊരുങ്ങി യാത്രക്കാവശ്യമായ സാധനങ്ങൾ കുത്തിനിറച്ച ബാഗും എടുത്ത് ഏകദേശം  മണിയോടെ തൃക്കൈപ്പറ്റയിലെ ശിവക്ഷേത്രത്തിലേക്ക് പുറപ്പെട്ടു. ഒരു തീർത്ഥാടന യാത്രയാണ്.



കാൽനടയായായാണ് പോകേണ്ടത്.മലമുകളിലേക്ക് വണ്ടി ചെല്ലില്ല.നിലാവ് മുഖം വീർപ്പിച്ചിരിക്കും പോലെ ഒട്ടും പ്രകാശമില്ലാച്ച വഴിയിലൂടെ തട്ടിയുംമുട്ടിയും ഞങ്ങഞ നടന്നു.ഒരുപാട് ദൂരങ്ങൾ താണ്ടാനുള്ളതിനാൽ വളരെ വേഗത്തിലായിരുന്നു ഞങ്ങളുടെ നടത്തം.പോകുന്ന വഴിയിൽ എന്റെ കൈയിൽ കടലാസ് മുള്ള് കൊണ്ട് മുറിവുണ്ടായി.ആ വേദനയെക്കാളെറെ എന്റെ മനസ്സിൽ 8 ലക്ഷ്യത്തിലെത്താനുള്ള വ്യഗ്രതയായിരുന്നു. ഏകദേശം 6 മണിയോടെ മലയുടെ താഴ്വാരത്തിലെത്തി.



മുത്തപ്പനെ മനസിൽ ധ്യാനിച്ച് കയറിത്തുടങ്ങി,കാട്ടുകളുടെ ഇടയിലുടെ കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ....... എങ്ങും ഏകാന്തതയുടെ നിശബ്ദത മാത്രം.കുറേ നടന്നു നീങ്ങിയപ്പോഴുണ്ട് വഴി രണ്ടായിപിരിയുന്നു.പുറകിൽ നിന്ന് ആരോ വിളിച്ച് പറഞ്ഞു,വലത് വശത്തെ വഴിയാണ്.ഞങ്ങളുടെ സംഘത്തിലെ എല്ലാവരും ആ വഴിയിലൂടെ കയറിയപ്പോൾ മറ്റൊരാൾ

പറഞ്ഞുവഴി അതല്ല.പിന്നീട് മറ്റേ വഴിതന്നെ ഞങ്ങൾ തിഞ്ഞെടുത്തു.അങ്ങനെ ഏറ്റവും മുമ്പിൽ നടന്നിരുന്ന ഞങ്ങൾ ഏറ്റവും പിന്നിലായി  ദൂരങ്ങൾ താണഅടിവീണ്ടും നടപ്പ് തുടർന്നു.ചുറ്റും നിബിഡവനങ്ങളും താഴ്ചകളും പാറകളും നിറഞ്ഞുനിൽക്കുന്നു ഒടുവിൽ ലക്ഷ്യം കണ്ടു...അതാ കാണുന്നു മലയുടെ മുകളിലൊരു വലിയ പാറ സന്തോഷത്താൽ മതിമറന്ന് മറ്റ് സംഘാംഗങ്ങളെ തിരിഞ്ഞ്നോക്കിയ ഞാൻകണ്ട കാഴ്ച വർണനാതീതമായിരുന്നു.കുങ്കുമത്താൽ അഭിഷേകം ചെയ്യപ്പെട്ടമേഘങ്ങളുടെ മറവിൽ നിന്ന് എത്തിനോക്കുന്ന പ്രഭാതസൂര്യനെ........

അശ്വതി ബിജു IX






Scanned by CamScanner

Scanned by CamScanner

# എന്റെ പുഴ

ഴ

വെള്ളിക്കൊലുസ്സിട്ട  പുഴയേ
നിന്റെ കള്ളച്ചിരി ഞാൻ കണ്ടേ
നീല നിലാവിലാണോ നിന്റെ പള്ളിനീരാട്ട്
പൂമരം ന്ൻമെയ്യിൽ ചാർത്തീ
പൂമുല്ലമാലാ..............



പൂന്തിങ്കൾ നിന്നെയുറക്കാനായ്
താരാട്ട് പാടാറുണ്ടോ
പൂമയിൽ നിൻ കൂടെ
ആടാറുണ്ടോ
പൂങ്കുയിൽ നിൻ കൂടെ
പാടാറുണ്ടോ
പൂമഴ നിൻ മെയ്യിൽ
മുത്തുപൊഴിക്കാറുണ്ടോ
പൂത്തുമ്പിക്കുഞ്ഞുങ്ങൾ നിൻ
മെയ്യിൽ
മുത്തം വെക്കാറുണ്ടോ
നീ കരയാറുണ്ടോ.....
നീ ചിരിക്കാറുണ്ടോ.....



Scanned by CamScanner

ഫാത്തിമത്തുൽ നാസ്വിഹ



Scanned by CamScanner

# മറന്നില്ല ഞാൻ

അനിയനെ
കൈകളിലേൽപ്പിച്ചുകൊണ്ടമ്മ
ചൊന്ന വാക്കൊന്നും മറന്നില്ല ഞാൻ
ഇനിയില്ല ഞാനെന്ന് ചൊന്നു കൊണ്ടമ്മ തുടർന്നു
ഈ മെഴുകുതിരി അണയാതെ നോക്കണം നീ
അമ്മ തൻ മിഴിനാളം അണയാതിരിക്കാനായ്
ആരോടുകേഴണമെന്നു ഞാനും
കാലം കൊഴിഞ്ഞു ഞാനും വളർന്നു
അമ്മയില്ലാതെ ഏറെ വലഞ്ഞു
അമ്മയില്ലാത്ത ഈ വീടെന്തിനു കൊള്ളുമെ-
ന്നായി എന്റെ കുഞ്ഞനിയൻ




വിജില സോമൻ

IX



Scanned by CamScanner

# മഴയോളം

ഇപ്പഴും മഴ തോർന്നിട്ടേയില്ല. എനിക്കും കേൾക്കാം. മറ്റാർക്കും കേൾക്കാത്ത സ്വരത്തിലുള്ള അട്ടഹാസം എനിക്കു കേൾക്കാം. മഴക്ക് വേണ്ടത് എന്നെയാണ്. ഈ പാവം പെണ്ണിനെ. അവളുടെ ആത്മാവിനെ. ഈ മഴ
എനിക്ക് എത്ര നേരം സമയം തരുമെന്നറിയില്ല. അതിനു മുൻപ് ഞാൻ എന്റെ കഥ പറയട്ടെ. ഒരു വലിയ വീട്ടിൽ രാജകുമാരിയായി വളർന്ന അശ്വതി എന്ന ഈ അച്ചുവിന്റെ കഥ.
ഒരു നിറഞ്ഞ മഴയുള്ള രാത്രിയിലാണെന്റെ ജനനം. ഇടിയും മഴയും നിറഞ്ഞ ഭയാനക രാത്രിയിൽ. അമ്മൂമ്മ പറയാറുണ്ട്. നിന്റെ ജനനം എങ്ങനെ ആയിരുന്നു അങ്ങനെ തന്നെയായിരിക്കും നിന്റെ ജീവിതവും മരണവും. അതെല്ലാം സത്യമാണെന്ന് ഞാൻ വിശ്വസിച്ചില്ല. പക്ഷെ അത് സംഭവിച്ചു. ഒരു മഴയിൽ അമ്മൂമ്മ കുഴഞ്ഞു വീണു. അന്ന് അവസാനമായി അമ്മൂമ്മ പറഞ്ഞതും ഇതായിരുന്നു. മഴക്ക് വേണ്ടത് നിന്നെയാണ്. ഞെട്ടി തരിച്ചു പോയി ഞാൻ. എന്തപരാദമാണ് ഞാൻ മഴയോട് ചെയ്തത് ? എനിക്കറിയില്ല. എന്തായാലും അന്നു മുതൽ ഞാൻ മഴയെ ഭയപ്പെട്ട് തുടങ്ങി.
" മതി മതി. ബാക്കി ഞാൻ പറയാം". നീന എഴുന്നേറ്റു. അച്ചുവിന് മഴയെ ഭയമായിരുന്നു. അവൾ മഴക്കഥകൾ തേടി നടക്കാൻ തുടങ്ങി. പക്ഷെ ഒരിടത്തും മഴ മറ്റൊരാൾക്ക് ദോഷം ചെയ്യുന്ന കഥ കേട്ടില്ല. മഴ പക്ഷെ അവളുടെ കുടുംബത്തെ ഓരോരുത്തരായ് കൊണ്ടു പോയി. അവസാനം അമ്മ മാത്രമായി



അവൾക്ക്. ഒരു കുറവും വരുത്താതെ അമ്മ അവളെ വളർത്തി. മറ്റു കുട്ടികൾ മഴ നനഞ്ഞ് കളിക്കുമ്പോൾ അവൾ മാറി നിന്നു.



Scanned by CamScanner

കാലം കുറെ കഴിഞ്ഞു. മഴ പേടി അവൾ മറന്നു തുടങ്ങി. അവൾക്ക് ഒരു കാമുകൻ ഉണ്ടായി. മഴ തന്റെ താണ്ഡവവും പിന്നെയും തുടങ്ങി.
ഒരു മഴയിൽ ആരുടെയോ വെട്ടേറ്റ് അയാൾ മരിച്ചു കിടക്കുന്നത് സ്വന്തം കണ്ണാലെ അവൾ കണ്ടു. ആ മഴക്കാലം കഴിഞ്ഞു
പിന്നത്തെ മഴ വന്നത് അവൾക്ക് മാത്രം ദോഷമേകാനായിരുന്നില്ല. ആ നാടിനെ ഒന്നടക്കം തിന്നുവാനായിരുന്നു. ആർത്തിരമ്പിയിറങ്ങിവന്ന മഴ പുഴയേയും തോടുകളേയും ഇന്തിന് ചെറു ചാലുകളെപോലും കൂട്ടു പിടിച്ച് താണ്ഡവമാടി.എല്ലാം നശിച്ചു. ആ മഴയിൽ നിന്നും മഴ അവളെ രക്ഷിച്ചു. നീനയുടെ വീട്ടിലായിരുന്നു മഴ അവളെ കൊണ്ടാക്കിയത്. അന്നവൾക്ക് വഴി കാണിച്ചു കൊടുത്തതും മഴ തന്നെ. ഒരു ഇടവേളക്കു ശേഷം പഴയ അട്ടഹാസവും. മഴ വീണ്ടും തുടങ്ങിയിരിക്കുന്നു. തോരാത്ത മഴ പോലെ.....................................

അശ്വതി സി .എസ്


IX



Scanned by CamScanner

# എന്റെ വിധി

നേരം പതുക്കെപതുക്കെ കനച്ചിട്ടും
കണ്ണീർ കൈവിടാതെ മുറുക്കി പിടിച്ചുതാൻ
കണ്ണീരിൻ നനവോടെ ഈ ഇട നെഞ്ചിൽ
തേങ്ങല് പതിവാണ് .



രാവോളം ഈ നാളോളം ഞാൻ
കണ്ട കിനാവിന് കണ്ണീരാണ്.
എല്ലാം വിധിയെന്ന് കരുതിയാശ്വസി–
പ്പിക്കാനാരുണ്ടെനിക്ക്.
വിധിയെ പഴിച്ച് മരണത്തെ
തേടുന്ന നാളും ഭയാനകരം തന്നെ .
എല്ലാവരും എന്നെ വിട്ട്പോവുന്ന നാളോർത്ത്
ഇത്രയയും കാലം ഭയപ്പെട്ട്
ജീവിച്ചെങ്കിലും ഇന്നത് യാഥാർത്യമായിരിക്കുന്നു.

എൻ ജീവിതമാകുന്ന പാതയിൽ നിന്നും
ഞാനെൻ വിധി മനസ്സിലാക്കി.
എല്ലാം തന്നെ  നാമൊരുക്കിയ
ചതിക്കുഴിയിൽ വീണതു പോലെ നമ്മുടെ
പ്രവൃത്തികളാലുണ്ടായ പ്രളയദുരന്തത്തിലില്ലാതായി
നഷ്ടപ്പെട്ടു മണ്ണിടിഞ്ഞു.
വിധിയെന്നു കരുതി ആശ്വസിക്കുന്ന  സമയത്ത്
കണ്ണീർ വെല്ലു വിളിച്ചു മുന്നേറുന്നതു
പോലെ തോന്നുന്നു ..........................

അനഘ
IX



Scanned by CamScanner

# ജീവിതമിനിയും നീങ്ങും.....



ജീവിതം വിധിയാണെന്നാശ്വസിക്കാം പ്രിയേ
ജീവിതമിനിയും നീങ്ങും ഇരുളായും വെളിച്ചമായും
എന്നാലും ചെറുതല്ലയോ...
ജീവിതത്തിലെത്രയോ! എത്രയോ
ചോരപാടുകൾ കൂട്ടിചേർക്കലുകൾ
ജനനമായും മരണമായും കൺമുന്നിലായി...
ജീവിതത്തിലിനിയും പലമുഖം കാണേണ്ടി
വരുമിനിയും എന്നിട്ടും ഒരു മുഖം മാത്രം
നിൻ മനസ്സിൽ?

കാലം കഴിയുതോറും ഈ മുഖം നിൻ മനസ്സിൽ
ചിതറിതെറിച്ച ഓർമ്മകളായി മാറാം
നാളെയീ മനം നിന്നെ ഓർക്കുമോ
എന്നാരറിയുന്നു?
ജനിച്ചാലുറപ്പായും മരണമില്ലെ മരിക്കും
വരെ നിൻ ജീവിതം നിൻ ഓർമ്മകളിൽ
മാത്രമോ....?
ഈ ചെറു ജീവിതത്തിൽ ആരെയോ
കാത്തിരിക്കുന്നു.
നിലാവിന്റെ സുവർണ തീരങ്ങളിൽ



ആരു നീ തേടി അലയുന്നു
മധുരമാം ഗാനത്തിൻ നറുചുംബനം
ആരു നൽകി നിനക്കായി................................ ബിജിത IX



Scanned by CamScanner

## ഞാൻ കണ്ട പക്ഷി

എനിക്ക് പക്ഷിയെ ഇഷ്ടമമാണ്.പക്ഷികൾ പറക്കുന്നത് കാണാൻ എന്ത് രസമാണ്.തത്തയെ കാണാൻ എന്തു രസമാണ്.കൊക്കിനെ കാണാനും നല്ല രസമാണ്.



അതിന്റെ കാലുകളുടെ നഖങ്ങൾ വളഞ്ഞതാണ്. അതിന്റെ കൊക്ക് മഞ്ഞനിറമാണ്.അതിന് പറക്കാനായി മനോഹരമായ ചിറകുകൾ ഉണ്ട്. പല നിറത്തിലുള്ള പക്ഷികൾ ഉണ്ട്.ചില പക്ഷികളുടെ കൊക്ക് വളഞ്ഞതാണ് ..................

ശ്രീഷ

IV


## ഞാൻ കണ്ട വേഴാമ്പൽ



രാവിലെയാണ് ഞാനാ പക്ഷിയെ കണ്ടത്. അതിനെ കാണാൻ എന്ത് ഭംഗിയാണ്. അതിന് ചിറകുകൾ ഉണ്ട്.മനോഹരമായ കാലുകൾ ഉണ്ട്.നീണ്ട് വളഞ്ഞ കൊക്കായിരുന്നു അതിന്.അമ്മയാണ് പറഞ്ഞത് അത് വേഴാമ്പലാണെന്ന്.അനിയൻ ഓടി വന്നതായിരുന്നു ആ പക്ഷി പറന്നു പോയി...........

മിഥുൻ IV

## തവളച്ചാർ



പേക്രോം പേക്രോം പാടി നടക്കും
തവളച്ചാരേ ചങ്ങാതീ
പേക്രോം പേക്രോം പാട്ടല്ലാതെ മറ്റൊന്നും
നീ പഠിച്ചില്ലേ
സയൻസും സോഷ്യലും കണക്കും നിന്നെ
പഠിപ്പിക്കാം ഞാൻ ടീച്ചറായി
മലയാളത്തിൽ കുട്ടികളെഴുതിയ
കവിതകൾ നിന്നെ ചൊല്ലിക്കാം
ഇനിയും നീയാ പേക്രോം പാട്ടുകൾ
പാടിനടന്ന് രസിക്കല്ലേ



Scanned by CamScanner

# എല്ലാം വിധിയാണ് മാതേ.......

എല്ലാമെല്ലാം വിധിയാണ് മാതേ
നിന്റെ ധർമ്മം നീ മറന്നിടല്ലേ
എല്ലാമെല്ലാം വിധിയാണ് മാതേ
നിന്റെ ധർമ്മം നീ മറന്നിടല്ലേ

നിന്റെ രൂപം ഇങ്ങനെ ആയിരുന്നില്ല
എല്ലാം വിധിയാണ് മാതേ
വിധി മാത്രം
നിന്നെ വിണ്ടു കീറിയ
മാനുഷർക്കെല്ലാം
വിധി തൻ താണ്ഡവം
കാഴ്ച വച്ചു കൊള്ളും
നിന്റെ കണ്ണീരു കാണാതെ
പോകില്ലയി വിധി.
നിന്റെ സങ്കടമെല്ലാം മാറ്റുന്നതും വിധി.
നിന്റെ കണ്ണീരു വറ്റിച്ചവർക്കെല്ലാം
കാലം നൽകീടുന്നതും വിധി.



നിന്നെ ചുട്ടത് വിധിയല്ലെന്നറിയാം
വിധിയെന്നു കരുതി സമാധാനിക്കു മാതേ
നിന്റെ കണ്ണീരു വറ്റരുതൊരിക്കലും
നിന്റെ മക്കളെ കൊല്ലരുത് മാതേ
തെറ്റു ചെയ്യുന്ന കുഞ്ഞിന് മാതാവ്
ചെറു ശിക്ഷ കൊടുക്കുന്ന പോലെ
നീയും നൽകിടു നിന്റെ കിടാങ്ങൾക്ക്
തെറ്റു തിരുത്താനായുള്ള ശിക്ഷ
നിന്നെ വിധിയാൽ വേദനിപ്പിച്ചവർ
നിന്റെ വിധിയാൽ വേദനിക്കട്ടെ
നിന്റെ ധർമ്മം നീ നിർത്തിടല്ലേ

സൂര്യകിരൺ സി.എസ്

# ഒരു പഠനയാത്ര

രാവിലെ 6 മണിക്കാണ് ബസ് പുറപ്പെടുന്നത് .ഒരു 5 മണിക്കെങ്കിലും എഴുന്നേൽക്കണം എന്ന് കരുതിയതാണ്.പക്ഷേ എഴുന്നേറ്റപ്പോൾ5.30 ആയി.പിന്നെ ഒരു കാക്കകുളിയും കുളിച്ച് റെഡിയായി.

യൂണിഫോമാണ് വേഷം.കൊണ്ടുപോകേണ്ട സാധനങ്ങൾ കുത്തിനിറച്ച ബാഗ് മേശപ്പുറത്ത് കിടപ്പുണ്ട്.

അച്ഛൻ ബൈക്കിലായിരുന്നു കൊണ്ടുവിട്ടത്.വീട് അടുത്തായിരുന്നതിനാൽ വളരെ പെട്ടെന്ന് എത്തി.

എന്നും വരാറുള്ള വഴിയായിരുന്നു എങ്കിലും ചുറ്റുമുള്ള കാഴ്ചകൾക്ക് പ്രത്യേക ഭംഗി തോന്നി.

പ്രതീക്ഷിച്ച പോലെ 6 മണിക്ക് മുമ്പായി ഞാനവിടെ എത്തി.എന്നെ ഇറക്കിയിട്ട് അച്ഛൻ പോയി.

ഞാൻ ചുറ്റുപാടൊന്നു നോക്കി.സ്കൂൾ ഗെയിറ്റ് തുറന്നിട്ടില്ല.എല്ലാരും പുറത്ത് നിൽക്കുകയാണ്.കൈയിലൊരു കടലാസും പെന്നും തോളിലൊരു ബാഗുമായി റീനടീച്ചർ വന്നു.ശർദ്ദിക്കാതിരിക്കാനുള്ള ഗുളികയുമായി ടീച്ചറുടെ പിന്നാലെ ദേവികയുമെത്തി.ഞാനെന്റെ ചങ്ക്സിന്റെ അടുത്താക്ക് പോയി.മനു ഒഴികെ ബാക്കി എല്ലാവരും എത്തി.ബസ്സ് എത്തിയിരുന്നു.പക്ഷേ എല്ലാ കുട്ടികളും എത്തിയിരുന്നില്ല .കാത്തിരുന്നു കാത്തിരുന്നു മുഷിഞ്ഞു.

റീന ടീച്ചർ വന്നവരെ എണ്ണി ബസിലേക്ക് കയറ്റി.കാത്തിരിപ്പിനൊടുവിൽ ബാക്കി കുട്ടികളും വന്നു.

അങ്ങനെ ഞങ്ങളാ യാത്ര തുടങ്ങുകയായി.ദിവസങ്ങളെണ്ണി കാത്തിരുന്ന സ്വപ്ന തുല്യമായ യാത്ര.

സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ തോന്നി.പിന്നീട് സീറ്റ് പിടിക്കുന്ന തിരക്കിലായിരുന്നു.ആൺകുട്ടികളെല്ലാം പുറകിലും പെൺകുട്ടികൾ മുമ്പിലുമായിരുന്നു ഇരുന്നത്.കുത്തിതിരുകിയാണ് ഇരുന്നത്.ആ ഇരിപ്പ് എനിക്കത്ര ഇഷ്ടമായില്ല.ഞാൻ മറ്റൊരു സീറ്റിൽ വിൻഡോക്ക് അരികിലിരുന്നു പോകുന്ന വഴിയിലെ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു.താഴേക്ക് ചാടാൻ വെമ്പി നിൽക്കുന്ന മഞ്ഞുതുള്ളികളും മറ്റും ഞങ്ങളെ വരവേറ്റു.

എനിക്ക് മാത്രമേ ആ കാഴ്ചകളെല്ലാം ആസ്വദിക്കാൻ കഴിഞ്ഞുള്ളു എന്ന് തോന്നുന്നു.മറ്റുള്ളവരെല്ലാം ഡാൻസിലും മറ്റു സംഭാഷണങ്ങളിലുമായിരുന്നു. ഞാൻ പുറത്തേക്ക് നോക്കിയിരുന്നു.കോട്ടപ്പോലെ കെട്ടിമറച്ച മതിലിനുള്ളിലെ വീടുകൾ ഞാൻ കണ്ടു.ആ മതിലുകൾക്ക് കാരണം ഒരുപക്ഷേ മതമായിരിക്കാം രാഷ്ട്രീയമായിരിക്കാം.ഞാൻ ചിന്തിച്ചു.ഈ മതിലുകൾ എടുത്തുമാറ്റി അവർ സൗഹാർദത്തോടെ കഴിഞ്ഞാൽ ഈ നാട്ടിലെ കുറച്ചുപേരെങ്കിലും



Scanned by CamScanner

അത് സ്വന്തം ജീവിതത്തിലും പ്രാവർത്തികമാക്കും.ഇന്നത്തെ ഇന്ത്യയിലെ ഓരോ പൗരന്റെ മനസിലും ഉള്ള വകതിരിവ് ഒരുപക്ഷേ ഒഴിവാക്കാനായികഴിയും.ഇന്ത്യയെ കുറിച്ച് ഓർക്കുമ്പോഴെല്ലാം "രഘുപതി രാഘവ രാജാ റാം" എന്ന ബാക്ക്ഗ്രൗണ്ട് മ്യൂസിക്കോടെ ഗാന്ധിജിയുടെ മുഖമാണ് മനസിൽ വരിക

പെട്ടെന്ന് ബസ് നിർത്തി.ചുരത്തിൽ ഇറങ്ങി.സമയം നോക്കാനായി കൈ ഉയർത്തിയപ്പോഴാണ് മനസിലായത് വാച്ച് എടുത്തിട്ടില്ല.തണുപ്പ് ഞങ്ങളേവരേയും കെട്ടിപ്പിടിച്ചു.തണുപ്പൊരു കുസൃതിക്കാറ്റിനെയും ഒപ്പം കൊണ്ടുവന്നിരുന്നു.ഞാൻ താഴേക്ക് നോക്കി.ചുരത്തിന്റെ ഒരു മുഴുവൻ ദൃശ്യം.കുറച്ചു സമയമേ വേണ്ടിവന്നുള്ളൂ.വർണക്കുപ്പായവും സ്വർണ്ണകിരീടവും അണിഞ്ഞുകൊണ്ട് ആദിത്യ രാജകുമാരൻ പുഞ്ചിരിച്ചു.അവന്റെ വർണയുടുപ്പിന്റെ നിറം മേഘങ്ങളും എടുത്തണിഞ്ഞു.ഏതായാലും വർണശഭളമായ ആ കാഴ്ച അൽപ്പസമയം എല്ലാവരും ആസ്വദിച്ചു.വീണ്ടും ബസിലേക്ക്.ബസ് ഓടിക്കോണ്ടിരിക്കുമ്പോൾ ഏതോ ശോകഗാനം കേട്ടു.എല്ലാവരും ക്ലുക്കി,കൂടെ ഞാനും.പാട്ട് മാറ്റി മധുരരാജ സിനിമയിലെ പാട്ട് വച്ചു.എല്ലാവരും പാട്ടുപാടി ഡാൻസുകളിച്ചു.ഞാനും കൂടെ പാടി...

ഞങ്ങൾ പ്ലാനറ്റോറിയവും പഴശ്ശിരാജാ മ്യൂസിയവും കണ്ട് തിരിച്ചിറങ്ങിയപ്പോൾ.ഒരു ചെറിയ പാർക്ക് കണ്ടു.മാമരങ്ങളുടെ തണലിൽ ഉയരത്തിൽ ഒരു ഊഞ്ഞാൽ കെട്ടിയിരുന്നു.അതിനപ്പുറത്തേക്ക് ചെറിയ ഊഞ്ഞാലുകളുമുണ്ടായിരുന്നു.ഞങ്ങളൽപ്പ നേരം അവിടെ ചിലവഴിച്ചു.ഞങ്ങളുടെ അടുത്ത ലക്ഷ്യം ബീച്ചായിരുന്നു.കോഴിക്കോട് ബീച്ചിലേക്ക് മുമ്പ് പലതവണ ഫാമിലിയോടൊപ്പം പോയിട്ടുണ്ട്.പക്ഷേ ഫ്രണ്ട്സിന്റെ കൂടെആദ്യമായിട്ടായിരന്നു.ബീച്ചിലെ മണലാരണ്യങ്ങളിൽ കാലുകുത്തി.നടക്കാൻ ശരിക്ക് കഴിയുന്നില്ല.എങ്കിലും കടലിനരികിലേക്ക് ഞാനോടിച്ചെന്നു.ഏറെ നേരം അവിടെ ചിലവഴിച്ചു.എല്ലാരും ഉത്സാഹത്തിമിർപ്പിലായിരുന്നു.എന്തിനേറെ അധ്യാപകർ പോലും..യാത്ര തിരിക്കാൻ സമയമായന്ന് ടീച്ചർ അറിയിച്ചു.ബസ്സിനടുത്തെത്തി.കടൽത്തീരത്തു നിന്നും എടുത്ത ശംഖ് കൈയിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തി ഞാൻ ബസ്സിനുള്ളിലേക്ക് കയറി.ഇനി നേരെ തൃശ്ശൂരിലേക്കാണ്.അവിടെയും ഒരുപാടിടങ്ങളിൽ പോകാനുണ്ട്.രാത്രിയാത്ര പാടില്ലാത്തതിനാൽ വൈകും മുമ്പേ അവിടെത്തണം.എല്ലാരും തിരക്കുകൂട്ടി.ബസ്സെടുത്തു.ഞാൻ ജനലൂടെ പുറത്തേക്ക് നോക്കി.കടലമ്മക്കു കാവലായ് കറങ്ങിനടക്കുന്ന കള്ളക്കാറ്റിന്റെ കള്ളച്ചിരി ഞാൻ കേട്ടു.ഞാനും ചിരിച്ചു............................ കിരൺ ഷാജു IX

# മഴത്തുള്ളി

മഴക്കാറ്റിൻ കുടക്കീഴിൽ
ചിരിക്കുന്നു തെന്നൽ വാവാവം പാടി
താണിറങ്ങി മഴയും
മിഴിനീരിൻ കൂടെയാ മഴത്തുള്ളി കേണു
ഇനിയെന്ന് വരുമാ പൂമഴക്കാലം
ശ്രുതി മീട്ടും കൈകളിൽ മഴത്തുള്ളി ചാഞ്ഞു
മൺതരി പോലുമാ മഴയെ താരാട്ടി
മാരിവിൽ മേലെ പുഞ്ചിരി തൂകി
കാർമേഘം കണ്ണുകളിൽ നോക്കിച്ചിരിച്ചു
മഴയുടെ കണ്ണീർ പൂങ്കാറ്റ് തുടച്ചു

അവളുടെ സങ്കടം പുഴയറിഞ്ഞു
അവളെ കാണാതെ തെന്നലുഴന്നു പൂക്കളവളുടെ മനമറിഞ്ഞു
പൂമരമവളുടെ സ്പന്ദനമറിഞ്ഞു



അഭിനന്ദ് സുരേഷ്
VIII



Scanned by CamScanner

## കാട്ടിലെ വിശേഷം

കാട്ടാറിൻ കരയിലിരുന്ന് പൊട്ടിച്ചിരിക്കണതാരാണ്
കാലത്ത് പാട്ട്മറന്ന് പറന്ന്പോയ കുയിലാണ്
കണ്ണ് രണ്ടും പൊത്തിപ്പിടിച്ച് കളിച്ച് നടക്കണതാരാണ്
കാലത്ത് കൗതുകം മൂത്ത് കുളത്തീപോയ മുയലാണ്
മാനത്ത് വട്ടം കൂടി ചർച്ച നടത്തണതാരാണ്
മഴവില്ലിന് കാവലിരിക്കാൻ പോയോരഞ്ചാറ് കൊക്കാണ്
മേഘത്തെ കൂട്ടുപിടിച്ച് യാത്ര നടത്തണതാരാണ്
മഞ്ഞനിറം ദേഹത്ത് പൂശിയ കുഞ്ഞിക്കണ്ണുള്ള കിളിയാണ്
രാജാവ് ചമഞ്ഞ നടക്കണ പൂച്ചക്കണ്ണനാരാണ്
മാവിന്റെ കൊമ്പത്ത് തല തൂക്കിയിരിക്കണ മൂങ്ങയാണ്
രാവിന്റെ കൊമ്പിലിരുന്ന് ഉറക്കം തൂങ്ങണതാരാണ്
രാപ്പാടി പയ്യന്റെ പെണ്ണവൾ പാവം വവ്വാല്....

*നന്ദന കൃഷ്ണൻ IX*



Scanned by CamScanner

# എന്റെ യാത്രാനുഭവം

ഒരുപാട് നഗരങ്ങളിലും പ്രകൃതി രമണീയമായ സ്ഥലങ്ങളിലും പോയിട്ടുണ്ട് എങ്കിലും ഭക്തിസാന്ദ്രമായ പ്രകൃതിയുടെ ഹൃദയമായ കാവുകളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങൾ എനിക്ക് എന്നും പ്രിയപ്പെട്ടവയാണ്.



അതുപോലുള്ള ഒരു അനുഭവമാണ് ഞാൻ എഴുതുന്നത്.

വയനാട് എന്ന ചെറിയ ജില്ല നിറയെ കാടാണ്.മാനന്തവാടിയിൽ നിന്നും ഏകദേശം 30 കി.മീ ദൂരേക്ക് കാനനപാതയുടെ സൗന്ദര്യത്തെ തൊട്ടറിഞ്ഞ് യാത്ര ചെയ്താൽ എത്തുന്ന ഇടമാണ് തിരുനെല്ലി.മൂന്നു മലകളുടെ കോട്ടപോലെയുള്ള സംരക്ഷണ കവചത്തിനു നടുവിൽ അരുവിയുടെ തഴുകലേറ്റ് കാനനഭംഗിയിൽ മുങ്ങിയിരിക്കുന്ന ഒരു ക്ഷേത്രമാണ് തിരുനെല്ലിയിലേത്.

അവിടെ ഞാനാദ്യമായി പോവുകയാണ്.ചെരുപ്പുകളിടാതെ അമ്പലത്തിന്റെ ചുറ്റും നടക്കുമ്പോൾ അറിയാതെ തന്നെ നമ്മുടെ ഉള്ളിൽ ഭക്തി നിറയുന്നു.

പണ്ട് രാജഭരണമുള്ള കാലത്ത് ഒരു റാണി ക്ഷേത്ര ദർശനത്തിനെത്തുകയും ശുദ്ധജലമില്ലാതെ ബുദ്ധിമുട്ടുകയുമുണ്ടായി.അന്ന് ആ റാണി പണികഴിപ്പിച്ച മലമുകളിൽ നിന്ന് ശുദ്ധജലമെത്തുന്ന കൽപ്പാത്തി ഇന്നും അവിടെ നിലനിലക്കുന്നത് ഒരത്ഭുതമായി തോന്നും.



ആ ജലം പലരം കുടിക്കുകയും ചെയ്യുന്നുണ്ടായിരുന്നു ക്ഷേത്ര ദർശനത്തിനുമാത്രമല്ല പിതൃക്കൾക്ക് ബലിയിടാനായും നിരവധി പേർ അവിടെ

എത്തിയിരുന്നു.അവിടെ ഒരുപാട് മൃഗങ്ങളേയും ഞങ്ങൾ കണ്ടു.സാമാന്യം വലുപ്പമുള്ള ഒരു താമരക്കുളത്തിന്റെ
നടുവിലായി ശ്രീ രാമന്റെ കാൽപ്പാടുകൾ പതിഞ്ഞത് എന്ന് വിശ്വസിക്കപ്പെടുന്ന ഒരു വലിയ പാറയും അവിടെയുണ്ട്. ആ ക്ഷേത്രത്തിന്റെ മറ്റൊരു സവിശേഷതയാണ് കല്ലുകൊണ്ടു നിർമ്മിച്ച നടപ്പാത.

ആ അന്തരീക്ഷം നമ്മുടെ മനസ്സിന് ഉണർവ്വും ഉന്മേഷവും നൽകുന്നു.ഞാൻ പോയ മറ്റു യാത്രകളോട് ഈ യാത്രയെ താരതമ്യം ചെയ്യുമ്പോൾ പ്രകൃതിയോട് എനിക്ക് ഏറ്റവും അടുത്ത് ഇടപഴകാൻ കഴിഞ്ഞത് ഈ യാത്രയിലൂടെയാണ്.ചരിത്രങ്ങൾ ഉറങ്ങികിടക്കുന്ന ആ കാനനഛായയിൽ നിന്നും തിരിച്ചുപോരാൻ എന്റെ മനസ്സ് എന്നെ അനുവദിച്ചില്ല.എങ്കിലും മനസ്സില്ലാ മനസ്സോടെ ഞാൻ തിരിച്ചു പോന്നു.......................

മാളവിക എം വി

IX





Scanned by CamScanner

# ഒരു തീർത്ഥ യാത്ര................

തൃക്കൈപ്പറ്റയ്ക്ക് അനുഗ്രഹമേകുന്ന മണിക്കുന്ന് മലയുടെ മുകളിലേക്കുള്ള ആ യാത്ര മറക്കാവുന്നതല്ല.രാവിലെ കുളിച്ചൊരുങ്ങി യാത്രക്കാവശ്യമായ സാധനങ്ങൾ കുത്തിനിറച്ച ബാഗും എടുത്ത് ഏകദേശം  മണിയോടെ തൃക്കൈപ്പറ്റയിലെ ശിവക്ഷേത്രത്തിലേക്ക് പുറപ്പെട്ടു. ഒരു തീർത്ഥാടന യാത്രയാണ്.കാൽനടയായാണ് പോകേണ്ടത്.മലമുകളിലേക്ക് വണ്ടി ചെല്ലില്ല.നിലാവ് മുഖം വീർപ്പിച്ചിരിക്കും പോലെ ഒട്ടും പ്രകാശമില്ലാച്ച വഴിയിലൂടെ തട്ടിയുംമുട്ടിയും ഞങ്ങഞ നടന്നു.ഒരുപാട് ദൂരങ്ങൾ താണ്ടാനുള്ളതിനാൽ വളരെ വേഗത്തിലായിരുന്നു ഞങ്ങളുടെ നടത്തം.പോകുന്ന വഴിയിൽ എന്റെ കൈയിൽ കടലാസ് മുള്ള് കൊണ്ട് മുറിവുണ്ടായി.ആ വേദനയെക്കാളെറെ എന്റെ



മനസ്സിൽ ലക്ഷ്യത്തിലെത്താനുള്ള വ്യഗ്രതയായിരുന്നു. ഏകദേശം 6 മണിയോടെ മലയുടെ താഴ്വാരത്തിലെത്തി. മുത്തപ്പനെ മനസിൽ ധ്യാനിച്ച് കയറിത്തുടങ്ങി,കാട്ടുകളുടെ ഇടയിലുടെ കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ....... എങ്ങും ഏകാന്തതയുടെ നിശബ്ദത മാത്രം.കുറേ നടന്നു നീങ്ങിയപ്പോഴുണ്ട് വഴി രണ്ടായിപിരിയുന്നു.പുറകിൽ നിന്ന് ആരോ വിളിച്ച് പറഞ്ഞു,വലത് വശത്തെ വഴിയാണ്.ഞങ്ങളുടെ സംഘത്തിലെ എല്ലാവരും ആ വഴിയിലൂടെ കയറിയപ്പോൾ മറ്റൊരാൾ പറഞ്ഞുവഴി അതല്ല.പിന്നീട് മറ്റേ വഴിതന്നെ ഞങ്ങൾ തിരഞ്ഞെടുത്തു.അങ്ങനെ ഏറ്റവും മുമ്പിൽ നടന്നിരുന്ന ഞങ്ങൾ ഏറ്റവും പിന്നിലായി  ദൂരങ്ങൾ താണ്ടിവീണ്ടും നടപ്പ് തുടർന്നു.ചുറ്റും നിബിഡവനങ്ങളും താഴ്ചകളും പാറകളും നിറഞ്ഞുനിൽക്കുന്ന ഒടുവിൽ ലക്ഷ്യം കണ്ടു...അതാ കാണുന്നു മലയുടെ മുകളിലൊരു വലിയ പാറ സന്തോഷത്താൽ മതിമറന്ന് മറ്റ് സംഘാംഗങ്ങളെ തിരിഞ്ഞ്നോക്കിയ ഞാൻകണ്ട കാഴ്ച വർണനാതീതമായിരുന്നു.കുങ്കുമത്താൽ അഭിഷേകം ചെയ്യപ്പെട്ടമേഘങ്ങളുടെ മറവിൽ നിന്ന് എത്തിനോക്കുന്ന പ്രഭാതസൂര്യനെ........

അശ്വതി ബിജു IX



Scanned by CamScanner

# കാടിന്റെ റാണി

സ്വരലോകജലധാര വഴിതെറ്റി വന്നതോ എന്ന സംശയമുളവാക്കിക്കൊണ്ട് കാടിന്റെ റാണിഒഴുകുകയായി.എങ്ങോട്ടേക്കെന്ന പരിഭവമൊന്നുമിന്നുനിവൾക്കില്ലേ?



മുകളിൽ നിന്നും ആഞ്ഞുപതിക്കുന്ന വെള്ളത്തുള്ളികൾക്ക് ഒരായിരം മുഖങ്ങളുണ്ടായിരുന്നു. പാറയിലേക്ക് ആഞ്ഞ്പതിക്കുമ്പോഴും അവയുടെ പുഞ്ചിരി മാഞ്ഞിരുന്നില്ല.ഒന്നും പറയാനില്ലാതെ നിസ്സഹായതയോടെ വീണ്ടും ഒഴുകുകയാണ്. കാട് കാണാൻ വന്നതാണ് ഞങ്ങൾ.കാടിന്റെ റാണിയെ മാത്രമേ കാണാൻ പറ്റിയുള്ളൂ.ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്.കാടിന്റെ റാണിയുടെ മുഖത്തെന്തോ നിസ്സഹായത അലയടിക്കുന്നുണ്ടായിരുന്നു. എന്താവാമതിനു കാരണം?എന്റെ സംശയം മറ്റുള്ളവരുടെ അവസ്ഥ തനിക്കും വരുമോ എന്ന ഭയമാവാമതിന് കാരണം.മറ്റ് വെള്ളച്ചാട്ടങ്ങളില്ലാത്ത വഴിയിലൂടെ ഞങ്ങൾ നടത്തം തുടർന്നു.............................................



ആകാശ് ബിജു
VIII



Scanned by CamScanner

# സ്വപ്ന മഴയായി

അവൾ പതുക്കെ നടന്നു........പെട്ടെന്ന് ഇടിയും മിന്നലും.അത് ശ്രദ്ധിക്കാതെ അവൾ മെല്ലെ മെല്ലെ വിദ്യാലയത്തിലേക്ക് നടന്നു.നന്നായി കാറ്റ് വീശുന്നുണ്ടായിരുന്നു.ഇടിയും മിന്നലും കാറ്റും ശക്തമാകാൻ തുടങ്ങിയപ്പോൾ അവൾ ചുറ്റുമൊന്ന് നോക്കി. ആരേയും കാണുന്നില്ല. അവൾ ചിന്തിച്ചു.അയ്യോ ഞാൻ ഒറ്റക്കാണല്ലോ.ഇവിടെ ആരും ഇല്ലല്ലോ.കാറ്റും മഴയും ശക്തമായി വരുന്നുണ്ട്.ഞാനാണെങ്കിൽ കുടയും എടുത്തിട്ടില്ല. അവളുടെ നടത്തത്തിന്റെ വേഗം കൂടി.അവളാകെ നനഞ്ഞിരുന്നു.പെട്ടെന്നാണത് സംഭവിച്ചത്.........അവൾ പതുക്കെ കണ്ണുകൾ തുറന്നു.ചുറ്റിനും നോക്കിയപ്പോൾ തന്റെ വീട്.അവൾ അമ്മയോട് ചോദിച്ചു.അമ്മേ ഞാനെങ്ങനെ ഇവിടെ എത്തി?ഞാൻ സ്കൂളിലെക്ക് പോകുകയായിരുന്നില്ലേ.അമ്മ അതിന് മറുപടിയൊന്നും പറഞ്ഞില്ല.അവൾ കട്ടിലിൽ നിന്ന് എഴുന്നേറ്റു.അവൾ ഒന്നും അറിയാത്ത ഭാവത്തിൽ "അമ്മേ അച്ഛനെവിടെപ്പോയി?ഇന്ന് കാലത്ത് ഗോപു മാമൻ അച്ഛനെയും അന്വേഷിച്ചിരുന്നു.അമ്മ അതിനും ഒന്നും പറഞ്ഞില്ല.



അവൾ റൂമിലേക്ക് നടന്നു.അമ്മ അടുക്കളയിൽ നിന്ന്  എന്തൊക്കെയോ പിറുപിറുത്തു.അവൾക്ക് ഒന്നും മനസ്സിലായില്ല.അവൾ  നടന്ന കാര്യം ചിന്തിച്ചു. ഞാൻ സ്കൂളിലേക്കു പോയപ്പോൾ ഒരു വണ്ടി ഇടിച്ചിരുന്നു അപ്പോഴാണവൾ ബോധം കെട്ടത് . അവൾ കട്ടിലിൽ നിന്ന് എഴുന്നേറ്റ് വീടിന്റെ  മുൻവശത്തേക്കു നടന്നു.

ആ തോരാ മഴയും നോക്കി ഏറെ നേരം അവൾ അവിടെ അങ്ങനെയിരുന്നു.........


ഗോപിക കെ.ജി
IX




Scanned by CamScanner

Scanned by CamScanner


# e _വർണ്ണം

















Scanned by CamScanner

# കുഞ്ഞു വരകൾ








Scanned by CamScanner

# കുഞ്ഞു വരകൾ























Scanned by CamScanner

# മരമാണ് ആഗോളതാപനത്തിനുള്ള മറുപടി

മരമാണ് ആഗോളതാപനത്തിനുള്ള മറുപടി എന്ന വിഷയത്തെ കുറിച്ച് ഞാനൽപം പറയട്ടെ.ആഗോള താപനത്തെ ചെറുക്കാൻ പ്രകൃതിതന്നെ കനിഞ്ഞനുഗ്രഹിച്ച് നൽകിയ ആയുധങ്ങളാണ് മരങ്ങൾ.ഞാനൊന്നു ചോദിക്കട്ടെ നിങ്ങളേവരും സ്വപ്നം കാണാറുള്ളവരാണല്ലോ.ഇത്രയും കാലത്തിനിടക്ക് ഹരിതമോഹനമായ ഭൂമിയെ വീണ്ടെടുക്കുന്നതിനായുള്ള ഒരു സ്വപ്നമെങ്കിലും കണ്ടിട്ടുണ്ടോ.നാം സംരക്ഷിക്കപ്പെടണമെങ്കിൽ നമ്മുടെ ഭൂമിയെ സംരക്ഷിക്കണമെന്ന് ചിന്തിക്കാറുണ്ടോ.

പരിസ്ഥിതി ദിനത്തിൽ എത്രയെത്ര മുദ്രാവാക്യങ്ങൾ നാം കേൾക്കുന്നു.ഒരാഴ്ച പ്രകൃതി സംരക്ഷണത്തിൽ നാം ശ്രദ്ധാലുവായിരിക്കും.പിന്നീടതിനെക്കുറിച്ച് ആരും ശ്രദ്ധിക്കാറുപോലുമുണ്ടാകില്ല.ഞാൻ പറയുന്നു ഇനി നമ്മുടെ കാലമാണ്.മാതൃഭൂമിയോടുള്ള കടമ നിറവേറ്റാൻ നമുക്കുമുന്നിൽ സുവർണാവസരങ്ങളനവധി.

കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് ഓക്സിജൻ പുറന്തള്ളുക എന്നതാണ് മരങ്ങളുടെ കർത്തവ്യം.ഈ ഓക്സിജനാണ് മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളും ശ്വസനപ്രക്രിയക്ക് ഉപയോഗപ്പെടുത്തുന്നത്.ചെറു പുൽനാമ്പുകൾ മുതൽ വൻമരങ്ങൾ വരെ ഈ പ്രക്രിയയിലേർപ്പെടുന്നു.മരങ്ങളില്ലാത്തയിടങ്ങളിൽ ചൂടുകൂടുന്നതിനു കാരണം ആഗോളതാപനമാണ്.ഭൂമിയുടെ താപനില കൂടിക്കൊണ്ടിരിക്കുന്നഅപകടകരമായൊരു പ്രതിഭാസമാണിത്.അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കൂടുന്നതാണ് മുഖ്യ കാരണം.

അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യാൻ മരങ്ങളും സസ്യങ്ങളുമൊന്നും ഇല്ലാതാകുമ്പോൾ അവ അന്തരീക്ഷത്തിൽ തന്നെ തങ്ങിനിൽക്കുന്നു.കാർബൺ ഡൈ ഓക്സൈഡിന് താപത്തെ ആഗിരണം ചെയ്യാനുള്ള കഴിവുണ്ട്.അതുമൂലം ഭൂമിയിലെ താപനില ഉയരുന്നു.അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ വർധനവിന്റെ കാരണങ്ങൾ പലതാണ്.വാഹനങ്ങളിൽ നിന്നുള്ള പുകയിൽ നിന്നും ഫാക്ടറികളിൽ നിന്നും മറ്റും പുറന്തള്ളപ്പെടുന്ന വാഹനങ്ങളിൽ നിന്നും മറ്റും കാർബൺ ഡൈ ഓക്സൈഡ് അമിതമായിപുറന്തള്ളപ്പെടുന്നു.
എന്താണിവക്ക് പരിഹാരം?പരിഹാരമില്ലാത്ത പ്രശ്നങ്ങളാണോ ഇവ ? അല്ല പരിഹാരമുണ്ട്.അത് പ്രാവർത്തികമാക്കേണ്ടതും അനിവാര്യമാണ്.നമുക്കും സ്വന്തമായി



Scanned by CamScanner

ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും.പുക തുപ്പുന്ന വാഹനങ്ങൾ ഉപേക്ഷിച്ച് സൈക്കിളുകൾ ശീലമാക്കാം.അല്ലെങ്കിൽ യാത്രകൾ ബസ്സിലാക്കാം.അങ്ങനെയെത്രയെത്ര...

ജീവലോകത്തിന്റെ നിലനിൽപ്പിന് മരങ്ങളും സസ്യങ്ങളും ചെയ്യുന്ന സേവനം നിസ്തുലമാണ്.ഏറ്റവും ചിലവ് കുറഞ്ഞതും ഫലപ്രദവും സ്വാഭാവികവുമായ വായു ശുദ്ധീകരണ സംവിധാനമാണ് സസ്യങ്ങൾ. കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് ഓക്സിജൻ പുറന്തള്ളുന്നതിലൂടെ വിലമതിക്കാനാകാത്ത സേവനമാണ് സസ്യങ്ങൾ ജീവലോകത്തിന് ചെയ്യുന്നത്.പ്രകൃതിദുരന്ത ലഘൂകരണത്തിനും മരങ്ങൾക്ക് വലിയ പങ്കാണുള്ളത്.പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോഴല്ല പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ചിന്തിക്കേണ്ടത്. പ്രകൃതിസംരക്ഷണം ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ ഭാഗമാകണം.പ്രകൃതിയെ വിവേകപൂർവം ഉപയോഗിച്ച് നാളത്തെ തലമുറക്ക് കൈമാറുകയും വേണം.ജീവമണ്ഡലത്തിന്റെ സംരക്ഷകർ ഹരിത സസ്യങ്ങളാണ്.അതിനാൽപ്രകൃതി സംരക്ഷണത്തിൽ സസ്യപരിപാലനം മുഖ്യ കടമയായി നാം ഏറ്റെടുത്തേ മതിയാകൂ.

സ്മൃതിലാൽ IX





Scanned by CamScanner

# കാട്ടിലെ വിശേഷം

കാട്ടാറിൻ കരയിലിരുന്ന് പൊട്ടിച്ചിരിക്കണതാരാണ്
കാലത്ത് പാട്ട്മറന്ന് പറന്ന്പോയ കുയിലാണ്
കണ്ണ് രണ്ടും പൊത്തിപ്പിടിച്ച് കളിച്ച് നടക്കണതാരാണ്
കാലത്ത് കൗതുകം മൂത്ത് കുളത്തീപോയ മുയലാണ്
മാനത്ത് വട്ടം കൂടി ചർച്ച നടത്തണതാരാണ്
മഴവില്ലിന് കാവലിരിക്കാൻ പോയോരഞ്ചാറ് കൊക്കാണ്
മേഘത്തെ കൂട്ടുപിടിച്ച് യാത്ര നടത്തണതാരാണ്
മഞ്ഞനിറം ദേഹത്ത് പൂശിയ കുഞ്ഞിക്കണ്ണുള്ള കിളിയാണ്
രാജാവ് ചമഞ്ഞ നടക്കണ പൂച്ചക്കണ്ണനാരാണ്
മാവിന്റെ കൊമ്പത്ത് തല തൂക്കിയിരിക്കണ മൂങ്ങയാണ്
രാവിന്റെ കൊമ്പിലിരുന്ന് ഉറക്കം തൂങ്ങണതാരാണ്
രാപ്പാടി പയ്യന്റെ പെണ്ണവൾ പാവം വവ്വാല്....

നന്ദന കൃഷ്ണൻ IX



Scanned by CamScanner

Scanned by CamScanner

കവിതയിൽ ആധുനികതയെ ആനയിച്ച പ്രതിഭ ...




ജ്ഞാനപീഠ പുരസ്കാരം നേടുന്ന ആറാമത്തെ മലയാളി.
എഴുത്തച്ഛൻ പുരസ്കാരം അടക്കം ലഭിച്ചിട്ടുള്ള ശ്രേഷ്ഠ കവി കൂടിയാണ് അക്കിത്തം.മലയാളം കവിതയിൽ ആധുനികതയുടെ വിളംബരം ചെയ്ത കവിയാണ് ഇദ്ദേഹം.ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം മാണ് പ്രസക്ത കാവ്യം.കൃതികളിൽ അരങ്ങേറ്റം മധുവിധു നിമിഷക്ഷേത്രം പഞ്ചവർണക്കിളികൾ വളകിലുക്കം
എന്നീ കവിതാസമാഹാരങ്ങളും ദേശസേവിക ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം സാഗരസംഗീതം എന്നീ ഖണ്ഡകാവ്യങ്ങളും ഒരു കുല മുന്തിരിങ്ങ കളിത്തൊട്ടിൽ ഉണ്ണിക്കിനാവുകൾ എന്നീ ബാലസാഹിത്യകൃതികളും കടമ്പിൻ പൂക്കൾ അവതാളങ്ങൾ എന്നീ ചെറുകഥകളും ഈ ഏടത്തി നൊണേ പറയൂ
എന്ന നാടകവും ഉപനയനം സമാവർത്തനം എന്നീ ലേഖന സമാഹാരങ്ങളും ഉൾപ്പെടുന്നു.

വൈശാഖ്



Scanned by CamScanner

# മഹത് വചനങ്ങൾ










***മായ***



Scanned by CamScanner












Scanned by CamScanner

Scanned by CamScanner

# കുറുവാ ദ്വീപ്

വയനാട്ടിലെ സഞ്ചാര കേന്ദ്രമാണ് കുറുവാ ദ്വീപ് .കബനി നദിയുടെ



കൈവഴികളിലൊന്നിൽ സ്ഥിതി ചെയ്യുന്ന ദ്വീപസമൂഹമാണിത് . കൊച്ചു കൊച്ചു പാറക്കെട്ടുകളും അവയ്ക്കിടയിലൂടെ വളഞ്ഞൊഴുകുന്ന കൊച്ചരുവികളും തണൽ വിരിച്ച് പരന്ന് കിടക്കുന്ന മരച്ചില്ലകളുമൊക്കെ നമ്മുടെ മനം കുളിർപ്പിക്കുന്നു.ഒരു ദിവസം മുഴുവൻ കാണാനുള്ള കാഴ്ചകൾ ഇവിടെയുണ്ട്.പലതരംപക്ഷികളും മൃഗങ്ങളും

അപൂർവ്വ സസ്യങ്ങളുമൊക്കെ നിറഞ്ഞ ഇവിടത്തെ കാഴ്ചകൾ ആസ്വദിക്കാൻ ടൂറിസം വകുപ്പ് സൗകര്യമൊരുക്കിയിട്ടുണ്ട്.മുളം ചങ്ങാടത്തിൽ ദ്വീപിലേക്കുള്ള യാത്ര നമ്മെ ത്രസിപ്പിക്കും.



# വയനാട് ടൂറിസം





















Scanned by CamScanner





Scanned by CamScanner

# ലിറ്റിൽ കൈറ്റ് ഇൻറ്റസ്ട്രിയൽ വിസിറ്റ്







Scanned by CamScanner





Scanned by CamScanner

# ഫോട്ടോഗ്രാഫി പരിശീലനം





Scanned by CamScanner







Scanned by CamScanner







Scanned by CamScanner








Scanned by CamScanner








Scanned by CamScanner



















Scanned by CamScanner

# THANKS.................

little KITEs






Scanned by CamScanner